# 6

# സ്തുതിയുടെ രണ്ട് പ്രകടനങ്ങൾ

എന്റെ ബാല്യകാലത്ത്, ഞായറാഴ്ച്ച സഭായോഗം കൂടിവരുന്നത് ആ ആഴ്ച്ചയിലെ ഏറ്റവും വലിയ സാമൂഹ്യ സംഭവമായിരുന്നു. മിക്ക അംഗങ്ങളും അവരുടെ കൃഷിസ്ഥലങ്ങളിൽ സൂര്യോദയം മുതൽ സൂര്യാസ്തമയം വരെ അദ്ധ്വാനിച്ചിരുന്നു. ആ സമയത്തും സ്ഥലത്തും രഹസ്യ സംഭാഷണങ്ങൾക്ക് ടെലഫോൺ ഇല്ലായിരുന്നു, പൊതുവായ വാർത്തകൾക്ക് ഞായറാഴ്ച്ച ആളുകൾ കൂടിവരുന്നതുവരെ കാത്തിരിക്കണമായിരുന്നു. പുരുഷന്മാർ പലപ്പോഴും മുറ്റത്തുള്ള വൃക്ഷത്തണലിൽ ഒന്നിച്ചുകൂടിയിരുന്നു സംസാരിക്കുമായിരുന്നു. സ്ത്രീകൾ സഭാ മന്ദിരത്തിനകത്തിരുന്നു ആരാധന തുടങ്ങുന്നതിനു മുൻപ് പരസ്പരം സംസാരിക്കുമായിരുന്നു. ആരാധനക്ക് നിശ്ചയിച്ച സമയം ആകുമ്പോൾ പാട്ട് നയിക്കുന്നയാൾ പാട്ടിന്റെ നമ്പർ പറഞ്ഞശേഷം പാട്ട് പാടുകയായി. അപ്പോൾ പുറത്തിരുന്ന പുരുഷന്മാരെല്ലാം അകത്ത് വന്ന് അവരുടെ ഇരിപ്പിടങ്ങളിൽ ഇരിക്കും.

ആരാധനാ സമയം അധികഭാഗവും "പാട്ടുപാടലിനും," പ്രസംഗത്തിനുമായി നീക്കി വെച്ചിരുന്നു, "ആദ്യത്തെ പ്രാർത്ഥനയും" പാട്ടുപാടലും ആരാധനയിൽ അവബോധം ഉണർത്തുന്ന പ്രാഥമികമായ കാര്യങ്ങളായിരുന്നു. അവ പോഷിപ്പിച്ചിരുന്നത് ഉപദേഷ്ടാക്കന്മാരായിരുന്നു. താൻ സേവനമർപ്പിച്ചിരുന്ന സഭയിൽ ഒരു അതിഥി പ്രാസംഗികൻ വന്ന കാര്യം റോബർട്ട് ബെബർ പറഞ്ഞു. ആരാധനക്കു മുമ്പ് അതിഥി പ്രാസംഗികൻ നിന്ന് അയാളോടു പറഞ്ഞു, "പ്രാഥമികങ്ങളായവയെല്ലാം പെട്ടെന്ന് അവസാനിപ്പിക്കണം. എനിക്ക് ധാരാളം കാര്യങ്ങൾ പ്രസംഗിക്കുവാൻ ഉണ്ട്."[1] അതു കാണിക്കുന്നത് പാട്ടും പ്രാർത്ഥനയുമെല്ലാം ആരാധനയിൽ കുറച്ചു പ്രാധാന്യമേ ഉള്ളു എന്നാണ്.

"പ്രാഥമികങ്ങൾ" എന്ന് അറിയ-പ്പെടുന്നതിനെ നാം *തുടച്ചുനീക്കരുത്;* മറിച്ച് അവയുടെ ആരാധനയിലുള്ള പ്രാധാന്യം നാം *പ്രകാശിപ്പിക്കയാണ്* വേണ്ടത്. പൗലോസും ശീലാസും, തങ്ങളുടെ കാലുകൾ ചങ്ങലയാൽ ബന്ധിച്ചിരുന്നു എങ്കിലും ഫിലിപ്യൻ തടവു മുറിയിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് പാട്ടു പാടിയപ്പോൾ അവർ പ്രാഥമികമായവക്ക് ഊന്നൽ കൊടുക്കുകയായിരുന്നു (പ്രവൃത്തികൾ 16:23-25). അവർ ആരാധിക്കുകയായിരുന്നു! നാം മുൻ പാഠങ്ങളിൽ കണ്ടതുപോലെ, മനുഷ്യർ ആരാധിക്കുമ്പോൾ, ദൈവം തന്റെ ശക്തി അത്ഭുതകരമായി പ്രദർശിപ്പിക്കുന്നു.

### ആരാധനയിലെ പാട്ട്

പാട്ട് പാടി നാം ദൈവത്തെ സ്തുതിക്കുമ്പോൾ, ചുരുങ്ങിയത് നാം പുറപ്പാട് 15 ലേക്ക് തിരിച്ചു വരുന്നു. മിസ്രയീം അടിമത്വത്തിൽ നിന്ന് വിടുവിച്ചത് മോശ നയിച്ചുകൊണ്ടു വന്ന ആളുകൾ പാട്ട് പാടി ആഘോഷിച്ചിരുന്നു. ആ പാട്ടു മുഴുവനും, ദൈവത്തെ സ്തുതിക്കുന്നതിനും, അവന്റെ മഹത്വവും ബലവും ശക്തിയും ഉയർത്തുന്നതിനുമായിരുന്നു. സംഗീതത്തിൽ രൂപപ്പെടുത്തിയ വാക്കുകൾ നമുക്ക് ഓർമിക്കുന്നതിന് പ്രാപ്തമാക്കുന്നു. തങ്ങളുടെ ജീവിതത്തിൽ പ്രധാനപ്പെട്ട സംഭവത്തെ പ്രത്യേകിച്ച് ഓർക്കുന്ന വാക്കുകളാ

യിരുന്നു അവ. ആ ഗീതങ്ങൾ ഓർമിക്കുവാനായി തലമുറകളോളം കൈമാറിയിരുന്നു. തുടർന്നുള്ള ഓരോ തലമുറയും അവന്റെ അസ്ഥിത്വത്തിനായി ദൈവത്തെ സ്തുതിച്ചുവന്നു.

ദൈവം വെള്ളം സൗജന്യമായി നൽകിയത് ഓർമിക്കുവാൻ രേഖപ്പെടുത്തിയ ഗാനം സംഖ്യാപുസ്തകം 21:17, 18-ൽ കാണാം. ആ സമയത്ത് വെള്ളം പാറയിൽ നിന്നല്ല, കിണറിൽ നിന്നാണ് വന്നത്. ദബോരയുടേയും ബാരാക്കിന്റേയും ഗീതമാണ് ന്യായാധിപന്മാർ 5 മുഴുവനും, യിസ്രായേലിനെ കനാൻ രാജാവായിരുന്ന യാബിനിൽ നിന്നും യിസ്രായേലിനെ വിടുവിച്ചതിന് ദൈവത്തെ വാഴ്തുകയായിരുന്നു അതിൽ. ഈ ഗീതങ്ങൾ എങ്ങനെ തുടർ തലമുറകളിലേക്ക് കൈ മാറി എന്ന് നമുക്ക് അറിയില്ല, എന്നാൽ ദൈവജനം വളരെ കാലം ആരാധനയുടെ ഭാഗമായി ഗീതങ്ങൾ ആലപിച്ചിരുന്നു. ദാവീദ് രാജാവ് ആരാധനയിൽ സങ്കീർത്തനത്തിന് പ്രാധാന്യം കൽപിച്ചിരുന്നു. പലപ്പോഴും സങ്കീർത്തനങ്ങൾ എഴുതിയിരുന്നത് കീർത്തന ശൈലിയിലായിരുന്നു അവയിൽ ചിലത് പ്രത്യേകമായി ദൈവത്തെ പാടി സ്തുതിക്കുന്നതായി പറയുന്നു (സങ്കീർത്തനങ്ങൾ 30:4; 95:1; 96:1, 4; 98:1; 147:7; 149:1). ദാവീദിന്റെ സങ്കീർത്തനങ്ങൾ സമാഗമന കൂടാരാരാധനയിലും, ദൈവാലയാരാധനയിലും ഉപയോഗിച്ചിരുന്നു.

ക്രിസ്ത്യാനിത്വവും പാട്ടു പാടുന്ന ഒരു മതമാണ്. യേശുവും തന്റെ ശിഷ്യന്മാരും, കർത്തൃമേശക്ക് ശേഷം പാട്ട് പാടിയിരുന്നു (മത്തായി 26:30). കൊരിന്തിലുള്ള ക്രിസ്ത്യാനികൾക്ക് പൗലോസ് നൽകിയ നിർദ്ദേശം വെളിപ്പെടുത്തുന്നത് അവരുടെ ആരാധനായോഗങ്ങളിൽ അവർ പാട്ടു പാടിയിരുന്നു എന്നതാണ് (1 കൊരിന്ത്യർ 14:15; വാക്യം. 26). അഗാധ ദുഃഖത്തിൽ നിന്ന് നിർവൃതിയിൽ എത്തിക്കുന്ന വിശാലമായ വൈകാരിക പ്രകടനം പാട്ടിലൂടെ നടത്തുന്നത് ലോകം മുഴുവനുള്ള സംസ്കാരത്തിന്റെ ഭാഗമാണ്. ദൈവത്തോടുള്ള സ്നേഹവും, നന്ദിയും, സന്തോഷവും, അല്ലെങ്കിൽ പാപത്തോടുള്ള പശ്ചാത്താപവും ആരാധനയിൽ ഇതുപോലെ പ്രകടിപ്പിക്കുന്ന മറ്റൊന്നില്ല. പുകഴ്ത്തൽ നന്നായി പ്രകടിപ്പിക്കുന്ന ഒന്നാണ് പാട്ട്. പാട്ട് മനോഭാവത്തെ ഉയർത്തി സഭ ഒന്നടങ്കം ആത്മീക വർദ്ധനവിലാകുന്നു. ജാക്ക് ഹെഫോർഡ് നിരീക്ഷിച്ചു, "പാട്ട് കൂടാതെ ആരാധിച്ചേക്കാം, എന്നാൽ അതിന്റെ സൗന്ദര്യവും, ശക്തിയും, പവിത്രതയും അല്ലെങ്കിൽ ഔന്നത്യവും മറ്റൊന്നിനും ലഭിക്കുകയില്ല."[2]

**പാട്ടു പാടൽകൊണ്ട്**

ആരംഭ സഭ, പഴയ നിയമത്തിലെ സമാഗമന കൂടാരത്തിലെ ആരാധനയിൽ നിന്നാണ് വന്നത് എന്ന കാര്യത്തിൽ സംശയമില്ല. അവരുടെ പാട്ടുകളിലെ പലതും സങ്കീർത്തനങ്ങളിൽ കൊടുത്തിരിക്കുന്നു.[3] എങ്ങനെയായാലും, പഴയനിയമ ആരാധനയും ഒന്നാം-നൂററാണ്ടിലെ സഭയുടെ ആരാധനയും തമ്മിലുള്ള പ്രകടമായ വ്യത്യാസം അതിന്റെ ആവിർഭാവത്തിലെ *ശുദ്ധമായ* സംഗീതമാണ്. ലേവ്യർ തിരഞ്ഞെടുക്കുന്ന ചരണങ്ങളും വിവിധ വാദ്യോപകരണങ്ങൾ ഉപയോഗിച്ചും ഉള്ള പാട്ടായിരുന്നു ദൈവാലയ ആരാധനയിൽ ഉണ്ടായിരുന്നത് (1 ദിനവൃത്താന്തം 15:16; 23:5; 25:6, 7). സങ്കീർത്തനങ്ങളിൽ പല അവസരങ്ങളിലും, വാദ്യോപകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് (സങ്കീർത്തനങ്ങൾ 33:2; 43:4; 49:4; 71:22; 92:3; 98:5; 147:7; 149:3; 150:3-5).

പഴയ നിയമ ആരാധനയിൽ ഉപകരണ സംഗീതം ഉപയോഗിച്ചിരുന്നത്

ദൈവം സ്വീകരിച്ചിരുന്നു, എന്നാൽ ആരംഭ ക്രിസ്ത്യാനികൾ അവരുടെ സഭായോഗങ്ങളിൽ ഉപയോഗിച്ചിരുന്നില്ല. പുതിയ നിയമ സഭയുടെ ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കാതെയുള്ള ഗാനമാണ് ആലപിച്ചിരുന്നത്. ആദ്യ സഭയിൽ എന്തുകൊണ്ട് ഉപകരണങ്ങൾ ഉപയോഗിച്ചില്ലാ എന്നതിനെക്കുറിച്ച് ചരിത്രകാരന്മാർ നൂറ്റാണ്ടുകളോളം ഗവേഷണം നടത്തി. സഭാചരിത്രകാരന്മാർക്ക് ഇപ്പോഴും സംശയമാണെങ്കിലും. അത്തരം ഉപകരണങ്ങൾ അവർ ഉപയോഗിച്ചിരുന്നില്ല എന്നതാണ് സത്യം. ആബ്രേ ജോൺസൺ പറഞ്ഞു, "ശിഷ്യന്മാർക്ക് ഉപകരണങ്ങളെക്കുറിച്ചുള്ള വിവരണങ്ങളെല്ലാം ലഭ്യമായിരുന്നു, അവർക്ക് ഉപയോഗിക്കുവാൻ ചരിത്രത്തിൽ കീഴ്വഴക്കവും ഉണ്ടായിരുന്നു എന്നിട്ടും ആദ്യ ക്രിസ്ത്യാനികൾ യാതൊരു വിധത്തിലുമുള്ള ഉപകരണങ്ങൾ ഉപയോഗിക്കാതെയാണ് കർത്താവിനെ പാടി സ്തുതിച്ചത്. ആ മാറ്റം മനപൂർവ്വവും നാടകീയവും ആയിരുന്നു."[4]

പഴയ നിയമത്തിൽ ആരാധനയിൽ ദൈവം അധികാരപ്പെടുത്തിയ ചിലത് പുതിയ നിയമത്തിൽ അധികാരപ്പെടുത്തിയിട്ടില്ല. ഹനനയാഗങ്ങൾ, ധൂപവർഗ്ഗം, തുടങ്ങിയ അസംഖ്യം യാഗങ്ങൾ പുതിയ നിയമത്തിൽ അംഗീകരിച്ചിട്ടില്ല; ക്രിസ്ത്യാനികൾ അവ ആരാധനയിൽ പരിശീലിക്കുന്നതുമില്ല. മിക്ക മതാധികാരികളും പുതിയ നിയമ സഭയുടെ ആരംഭത്തിലെ ആരാധന പുനരേകീകരിക്കുവാൻ നിർബന്ധിക്കുന്നില്ല. ആരംഭ സഭ ചെയ്തിരുന്നത് നോക്കി, അത് പകർത്തേണ്ടത്, തീർച്ചയായും അഭിലഷണീയമാണ്. അതുകൊണ്ട്, ഇങ്ങനെ ചോദിക്കുന്നത് ഉചിതമാകും, "അന്ന് പരസ്യാരാധനയിൽ അവർ അങ്ങനെ ചെയ്തത് എന്തുകൊണ്ടായിരുന്നു?" പുതിയ നിയമം എഴുതപ്പെട്ടത് പിന്നീടായതുകൊണ്ട് അവരെ അപ്പോൾ അത് നയിച്ചിരുന്നില്ല. അവരുടെ തിരുവെഴുത്ത് പഴയ നിയമം ആയിരുന്നു. എങ്കിലും, യേശു ഒരു പുതിയ ആരാധനായുഗം വരുത്തുമെന്ന് അവർ തിരിച്ചറിഞ്ഞു (യോഹന്നാൻ 4:23, 24). ദൈവം ഇനി ഒരിക്കലും ഭൗതീകമായ യെരുശലേം ദേവാലയത്തിൽ വസിക്കുകയില്ലാ എന്ന് അവർക്ക് അറിയാമായിരുന്നു (1 കൊരിന്ത്യർ 6:19, 20). പഴയ നിയമത്തിലെ സമാഗമന കൂടാരത്തിലുണ്ടായിരുന്ന ചിലത് ആരംഭ ക്രിസ്തീയ കൂട്ടായ്മകളിൽ അവർ എടുത്തിരുന്നു. എങ്കിലും ആരാധനയെ സംബന്ധിച്ച് അവർക്ക് അപ്പോസ്തലന്മാരുടെ ഉപദേശങ്ങൾ ലഭിച്ചിരുന്നു. ആ ദൈവശ്വാസീയ പുരുഷന്മാർക്കു സന്ദേശം പരിശുദ്ധാത്മാവ് നല്കുകയും അത്ഭുതങ്ങളാൽ അവയെ ഉറപ്പിക്കയും ചെയ്തു.

ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ കാര്യങ്ങൾ ദൈവ വഴിയിൽ ചെയ്യുവാൻ സമർപ്പിക്കപ്പെട്ടിരുന്നു എന്ന് നമുക്ക് അറിയാം (പ്രവൃത്തികൾ 2:42; 4:19, 20; 5:29). അപ്പോസ്തലന്മാരുടെ ഉപദേശപ്രകാരം ആയിരുന്നു അവർ അങ്ങനെ ചെയ്തത്, അത് അവർക്ക് ദൈവത്തിൽ നിന്ന് ലഭിച്ചതായിരുന്നു (മത്തായി 16:17; 1 കൊരിന്ത്യർ 2:9-11). ആദ്യ ക്രിസ്ത്യാനികളെ ഉപദേശിച്ച ആത്മ-ശ്വാസീയ പുരുഷന്മാർ തന്നെയാണ് പുതിയ നിയമം എഴുതിയത്. അപ്പോസ്തലന്മാർ ആരാധനയുടെ ഉദ്ദേശം വാസ്തവത്തിൽ മനസിലാക്കിയിരുന്നു, ആദ്യ സഭക്ക് അവർ നല്കിയ നിർദ്ദേശം ആരാധനയിൽ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു വേണ്ടി ആയിരുന്നു. ആരാധനയിൽ സഭ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ ദൈവം ആഗ്രഹിച്ചിരുന്നു എങ്കിൽ, അവൻ അപ്പോസ്തലന്മാർക്ക് നിർദ്ദേശം നൽകുമായിരുന്നു - എന്നാൽ അവൻ അത് നല്കിയില്ല. ആരാധന എന്താണെന്ന് ഒരിക്കൽ നാം മനസിലാക്കിയാൽ ആരാധനയിൽ ദൈവം പ്രതീക്ഷിക്കു

ന്നതെന്താണെന്ന് തിരിച്ചറിഞ്ഞാൽ, ആ നടപടിയിൽ ഉപകരണ സംഗീതത്തിന് സ്ഥാനമില്ലാ എന്നു കാണാം. വാസ്തവത്തിൽ, ഉപകരണങ്ങൾ ദൈവത്തെ ആരാധിക്കുന്നതിൽ നിന്നും നമ്മുടെ ശ്രദ്ധ യാന്ത്രിക സംഗീതത്തിലേക്ക് തിരിക്കുന്നു. യവറിറ്റ് ഫെർഗൂസൻ പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു:

> ക്രിസ്തീയ ആരാധനയുടെ ആത്മീയ സ്വഭാവത്തിന് എന്തെങ്കിലും സംഭാവന ചെയ്യുവാൻ ഉപകരണ സംഗീതത്തിന് കഴിയുമോ എന്നത് വാസ്തവത്തിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു യാന്ത്രിക പ്രവൃത്തി യായി, ആത്മീയ ആരാധനയിൽ വേറിട്ടു നിൽക്കുന്നതാണ് ഉപകരണ സംഗീതം, അതായത് മനുഷ്യന്റെ ആത്മീയ സ്വഭാവത്തിൽ നിന്ന് ഉയ രുന്നത്. ഇവിടെ ക്രിസ്ത്യാനികൾ തങ്ങളുടെ ചിന്തയിൽ ഇഷ്ടമുള്ള വിഷയങ്ങൾ എടുക്കുവാൻ അനുവദിക്കരുത്, എന്നാൽ ആരാധനയുടെ സ്വഭാവത്തിന് പുതിയ നിയമ പ്രസ്താവനകളെയാണ് വേദശാസ്ത്രപര മായി നാം അനുവദിക്കേണ്ടത്.[5]

മനസ്സും ആത്മാവും ഒന്നിച്ച്ചേർന്നാണ് ആരാധനയിൽ പാടേണ്ടത് (1 കൊരിന്ത്യർ 14:15). താഴെ കൊടുത്തിരിക്കുന്ന വേദ ഭാഗങ്ങളിലെ സന്ദർഭ ങ്ങൾ സഭായോഗത്തിലെ ആരാധനയെ പ്രത്യേകമായി പറയുന്നതാണോ എന്ന് വ്യക്തമല്ലെങ്കിലും, ഈ വേദഭാഗങ്ങളിൽ പറയുന്നത് സഭാ യോഗത്തിൽ ക്രിസ്ത്യാനികളുടെ പാട്ടു പാടൽ, പ്രായോഗികമായ ഉദ്ദേശം വ്യക്തമാക്കുന്നു.

> വീഞ്ഞു കുടിച്ചു മത്തരാകരുത്; അതിനാൽ ദുർന്നടപ്പു ഉണ്ടാകുന്നുവ ല്ലോ. ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും (എഫേസ്യർ 5:18, 19).

> സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടുംകൂടെ നിങ്ങളിൽ വസിക്കട്ടെ (കൊലോസ്യർ 3:16).

ഹൃദയത്തിന് ദൈവത്തോടുള്ള പ്രകടനമാണ് ക്രിസ്തീയ ഗീതങ്ങൾ എന്ന് രണ്ട് വേദഭാഗങ്ങളും വെളിപ്പെടുത്തുന്നു. നമ്മിലുള്ള ആത്മാവിനെ പ്ര ദർശിപ്പിക്കുന്നതുമാണ് പാട്ടു പാടൽ. പാട്ടു പാടുമ്പോൾ ഉപകരണങ്ങൾ ഉപ യോഗിക്കുന്നത് വ്യക്തിപരമായി നമ്മെ തൃപ്തി പ്പെടുത്തിയേക്കാം, കാരണം ആത് ജഡത്തിന്റെ ആഗ്രഹമാണ്, എന്നാൽ അത് ആരാധനയുടെ ലക്ഷ്യമല്ല. അന്യോന്യം പ്രബോധിപ്പിക്കയും ആത്മീക വർദ്ധന വരുത്തുകയും ചെയ്യുക എന്നതാണ് പാട്ടുപാടലിന്റെ മറ്റൊരു ഉദ്ദേശം. സംഗീത ഉപകരണങ്ങൾക്ക് അതിന് കഴിയുകയില്ല.

അവസാനമായി, ആ രണ്ട് വേദഭാഗങ്ങളും പറയുന്നത് മൂന്നു തരത്തിലുള്ള പാട്ടുകൾ ദൈവത്തിന്റെ ഉദ്ദേശങ്ങൾ നിറവേറ്റുന്നു എന്നാണ്. “സങ്കീർത്ത നങ്ങൾ” എന്നു പറയുന്നത് പഴയ നിയമത്തിലെ സങ്കീർത്തനങ്ങൾ പാടു

ന്നതിനെയാണ്. "കീർത്തനങ്ങൾ" ദൈവത്തെ പാടി സ്തുതിച്ച് ആദരവ് പ്രകടിപ്പിക്കുന്നത് അല്ലെങ്കിൽ കർത്താവിനെക്കുറിച്ച് പാടുന്നതാണ്.[6] "ആത്മീയ ഗീതങ്ങൾ" പൊതുവിൽ പാട്ടു പാടുന്നതിനെക്കുറിച്ച് സഭായോഗങ്ങളിൽ അംഗങ്ങൾ വ്യക്തിപരമായി പാടുന്നതും ആത്മീയ സന്ദേശം നല്കുന്നതുമാണ്. ഹേഫോർഡ് പറയുന്നതനുസരിച്ച് അവ ആദ്യ സഭയുടെ പ്രത്യേകതയായിരുന്നു, കാരണം അവ രൂപപ്പെടുത്തിയത് ആത്മാവ്-നയിച്ച ആളുകളായിരുന്നു.[7] വാക്കുകളാണ് ഉദ്ദേശം നിറവേറ്റുന്നത്, അല്ലാതെ സ്വരമല്ല. വാക്കുകൾ ഓർമ്മിക്കുവാൻ സഹായിക്കുന്നതാണ് സ്വരം, എന്നാൽ സന്ദേശം പരസ്പരം കൈമാറുന്നത് വാക്കുകളാലാണ്. ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനാൽ വാക്കുകൾ ഓർമ്മിക്കുവാൻ സഹായിക്കുകയില്ല, ബോധ്യമാക്കുന്ന സന്ദേശത്തിന് അത് ഗുണകരവുമല്ല. ഹോശേയാ ജനത്തെ ദൈവത്തിലേക്ക് വരുവാൻ ക്ഷണിച്ചുകൊണ്ട് അവരോട് അപേക്ഷിച്ചു, "നിങ്ങൾ അനുതാപവാക്യങ്ങളോടെ യഹോവയുടെ അടുക്കൽ മടങ്ങിച്ചെന്നു ... അധരാർപ്പണയാഗമർപ്പിക്കുക" (ഹോശേയാ 14:2). അധരഫലമാണ് ദൈവം പ്രതീക്ഷിക്കുന്നത്.

പുതിയനിയമ സഭയിലുണ്ടായിരുന്നത് ഉപകരണങ്ങൾ കൂടാതെയുള്ള ഗീതങ്ങളായിരുന്നു എന്നു ചരിത്രം ഉറപ്പിക്കുന്നു. "എകാപ്പെല്ലാ" എന്നത് ലാറ്റിൻ വാക്കുകൾ ചേർന്നതാണ്, എ, അർത്ഥം "*രീതിയിൽ*," എന്നും കാപ്പെല്ലാ എന്നാൽ "ചാപ്പെൽ" എന്നുമാണ്. അതുകൊണ്ട്, ആരംഭത്തിൽ അതിന്റെ അർത്ഥം, "അതനുസരിച്ച്, അല്ലെങ്കിൽ ചാപ്പെലിന്റെ രീതിയിൽ" എന്നാണ്. ഉപകരണ സഹായമില്ലാതെയുള്ള വാക്ക് ഉപയോഗിച്ചിരിക്കുന്നത് സൂചിപ്പിക്കുന്നത് ചാപ്പലിൽ, അഥവാ സഭയിൽ ആരംഭത്തിൽ പാട്ടുപാടിയിരുന്നത് യാന്ത്രിക സഹായമില്ലാതെയാണെന്ന് വ്യക്തം.

**ഇടവകയുടെ പാട്ടു പാടൽ**

ആരംഭസഭ ആരാധനയിൽ ഉപകരണങ്ങൾ മാത്രമല്ല ഒഴിവാക്കിയിരുന്നത്, പിന്നെയോ ലേവ്യർ ഉപയോഗിച്ചിരുന്ന പാരമ്പര്യ ചരണവും ഒഴിവാക്കിയിരുന്നു. ഇടവക മുഴുവനും പാട്ട് പാടിയിരുന്നു എന്നാണ് മുകളിൽ പറഞ്ഞ വേദഭാഗങ്ങൾ സൂചിപ്പിക്കുന്നത്. തുല്യമായി ഇടവകയിലുള്ള എല്ലാവർക്കും പങ്കെടുക്കാവുന്ന ഒന്നാണ് ആരാധനയുടെ ഭാഗമായ പാട്ട്. സഭായോഗത്തിൽ പ്രാർത്ഥന നയിക്കുന്നത് ഒരാളാണ്. പ്രസംഗിക്കുന്നതും ഒരാളാണ്. പൊതുവായ നിയമം അനുസരിച്ച് നാം വായിക്കുകയും സ്വരൈക്യത്തിൽ പിൻപറ്റുകയും ചെയ്യുമെങ്കിലും, ഒരാൾ തിരുവെഴുത്ത് വായിക്കുന്നു. "സാർവ്വദേശിയമായ ഗാനം ലൗകികമോ ബാലിശമോ ആകുവാനിടയുണ്ട്, ആ സാർവ്വദേശിയത്വം ഇടവകയായി പാടുമ്പോൾ, ആരാധനയിലെ മറ്റു ഘടകങ്ങൾ പോലെയല്ല."[8] സഭായോഗത്തെ മുഴുവനും ആത്മികവർദ്ധന വരുത്തുന്ന ഒന്നായിട്ടാണ് ഗാനത്തെ ഉപയോഗിച്ചിരിക്കുന്നത്.

സഭയിലെ കീർത്തനങ്ങൾ "സംഗീത മേളയാ"ക്കുന്നതിനെ കുറിച്ചുള്ള ആകുലത ആന്റി ടി. റിച്ചി പ്രകടിപ്പിച്ചിട്ടുണ്ട്.[9] ഔദ്യോഗിക സംഗീതക്കാർ പാട്ടുകൾ അവതരിപ്പിക്കുമ്പോൾ, സഭായോഗത്തിന്റെ കേൾവി സുഖകരമാക്കുവാൻ ശ്രമിക്കും, അത് ദൈവം രൂപപ്പെടുത്തിയ ആരാധനയുടെ ഉദ്ദേശത്തിന് വിപരീതമാണ്. ആരാധനയുടെ ഏതൊരു പ്രവൃത്തിയും മനുഷ്യരെ ആകർഷിപ്പിക്കുന്നത്, ആരാധനയുടെ നേട്ടത്തെ ഇല്ലാതാക്കുകയാണ്. എല്ലാ ഹൃദയങ്ങളും മനസുകളും ദൈവത്തിലേക്ക് ഉയർത്തി ദൈവത്തെ ആകർഷിക്കുന്ന

തായിരിക്കണം ആരാധന മുഴുവൻ. ആരാധന ആളുകൾക്കുള്ളതായിരിക്കണം. സഭയിലെ അംഗങ്ങളെല്ലാം ആരാധനയിൽ സജീവമായി പങ്കെടുക്കണം.

### പ്രാർത്ഥന മൂലം ആരാധിക്കൽ

പ്രാർത്ഥനയെ ഒരിക്കലും ആരാധനയുടെ പ്രാഥമികഭാഗമായി കാണരുത്. ദൈവവുമായി അടുത്ത് ആശയവിനിമയം നടത്തുവാൻ പറ്റിയ അടുത്ത വഴിയാണ് പ്രാർത്ഥന, അത് രഹസ്യമായതായാലും, സഭായോഗത്തിലെ പരസ്യപ്രാർത്ഥനയായാലും ശരിയാണ്. ആദ്യ ക്രിസ്ത്യാനികളുടെ പല പ്രാർത്ഥനകളും, പ്രാർത്ഥനാ നിർദ്ദേശങ്ങളും പുതിയനിയമത്തിൽ കാണാം. ദൈവം തന്റെ ജനത്തിന് നൽകിയ ശക്തമായ ഉപകരണമാണ് പ്രാർത്ഥന - അത് മറ്റാർക്കും നൽകുന്നില്ല. "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥനക്ക് വളരെ ഫലമുണ്ട്" (യാക്കൊബ് 5:16).

"ദൈവത്തോട് സംസാരിക്കൽ" എന്നതാണ് പ്രാർത്ഥനയുടെ ലളിതമായ നിർവ്വചനം - എന്നാൽ അത് പ്രത്യേക തരത്തിൽ ദൈവത്തോട് സംസാരിക്കുന്നതാണ്. സാധാരണ ഏകപക്ഷിയമായി സംസാരിക്കുന്നതല്ല പ്രാർത്ഥന. പൂർണ്ണമായ അർത്ഥത്തിൽ, പ്രാർത്ഥന *ദൈവത്തോടുള്ള കൂട്ടായ്മയാണ്*. കിങ്ങ് ജെയിംസ് വെർഷനിൽ ഉൽപത്തി 18 ലെ അബ്രഹാം ദൈവത്തോട് സംസാരിച്ചതിനെ "കമ്മൂണിങ്ങ്" എന്നാണ് വിളിച്ചിരിക്കുന്നത് (ഉൽപത്തി 18:33). അതുപോലെ മോശെ സിനായ് പർവ്വതത്തിൽ വെച്ച് സംസാരിച്ചതിനെയും "കമ്മൂണിങ്" എന്നാണ് വിളിച്ചത് (പുറപ്പാട് 31:18; കെജെവി). തനിയെ പർവ്വതത്തിൽ പോയി പിതാവിനോട് പ്രാർത്ഥിക്കുക യേശുവിന്റെ പതിവായിരുന്നു, ചിലപ്പോൾ, അവൻ രാത്രി മുഴുവൻ പ്രാർത്ഥിച്ചിരുന്നു (മത്തായി 14:23; മാർക്കോസ് 6:46; ലൂക്കൊസ് 6:12).

പ്രാർത്ഥനയിൽ കൂടെ മാത്രമെ നമുക്ക് ദൈവത്തോട് എന്തെങ്കിലും ചോദിക്കുവാൻ കഴിയുകയുള്ളു എന്നാണ് പലപ്പോഴും ആളുകൾ ചിന്തിക്കുന്നത്. അതു ശരിയാണ്, പക്ഷെ അതിലധികവും പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നു. യേശു പ്രാർത്ഥിക്കുന്നത് അവന്റെ ശിഷ്യന്മാരിൽ ഒരാൾ നിരീക്ഷിച്ചപ്പോൾ, അവൻ യേശുവിനോട് പറഞ്ഞു, "കർത്താവ്, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചതുപോലെ ഞങ്ങളേയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ" (ലൂക്കൊസ് 11:1). അതിന്റെ പ്രതികരണമായി, യേശു അവർക്ക് സ്വയമായി രൂപപ്പെടുത്തി പ്രാർത്ഥിക്കുവാൻ ഒരു മാതൃകാ പ്രാർത്ഥന പറഞ്ഞു കൊടുത്തു (മത്തായി 6:9–13 നോക്കുക). ദൈവനാമത്തിന് പുകഴ്ച്ചയും മഹത്വവും നൽകിക്കൊണ്ടാണ് യേശു തന്റെ മാതൃകാ പ്രാർത്ഥന തുടങ്ങുന്നത്. "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ." ഹോമർ ഹെയ്ലി പറഞ്ഞു,

> അവൻ ആരാണെന്നതിനുള്ളതാണ് അവന്റെ നാമം, അവൻ, ദൈവം ആകയാൽ, ബഹുമാനവും, ശക്തിയും, മഹത്വവും ബലവും അവനുള്ളതാണ്. ആരെങ്കിലും അങ്ങനെ ദൈവത്തെ സംബോധന ചെയ്യുമ്പോൾ, അവന്റെ നാമത്തെ കർശനമായി ബഹുമാനിക്കുകയും, അവന്റെ മനോഗുണങ്ങളെല്ലാം പരമോന്നതമാണെന്നു തിരിച്ചറിയുകയും സമ്മതിക്കുകയും ചെയ്യുന്നു.[10]

ഈ മാതൃകാ പ്രാർത്ഥനയെ തുടർന്ന് പല വലിയ പ്രാർത്ഥനകളും തിരുവെ

ഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നെഹെമ്യാവ് ദൈവത്തെ സംബോധന ചെയ്തതു "ദൈവമായ യഹോവേ നിന്നെ സ്നേഹിച്ച് നിന്റെ കൽപനകളെ പ്രമാണിക്കുന്നവർക്ക് നിയമവും ദയയും പാലിക്കുന്ന മഹാനും ഭയങ്കരനുമായ ദൈവം" എന്നാണ് (നെഹെമ്യാവ് 1:5). എസ്രായുടെ വലിയ പ്രാർത്ഥന (എസ്രാ 9:6–15) ദൈവ കൃപയെയും (വാക്യം. 8), വിശ്വസ്തതയെയും (വാക്യങ്ങൾ. 9, 13) നീതിയെയും (വാക്യം. 15) സമ്മതിക്കുന്നതാണ്. എസ്രായുടേയും നെഹെമ്യാവിന്റേയും പ്രാർത്ഥനകളിൽ ഏറ്റുപറച്ചലുകളും, മറ്റുള്ളവർക്കുവേണ്ടിയുള്ള പക്ഷവാദവും ഉൾപ്പെടുന്നതാണ്. താൻ രാജാവിനെ സമീപിക്കുമ്പോൾ രാജാവിന് തന്നോട് മനസലിവുണ്ടാകണമെന്ന ഏക കാര്യമാണ് അവനു വേണ്ടി നെഹെമ്യാവ് ദൈവത്തോട് അപേക്ഷിച്ചത് (നെഹെമ്യാവ് 1:11).

എഫെസ്യർ 3:14–21 ലെ പൗലൊസിന്റെ പ്രാർത്ഥനയിൽ ദൈവത്തിന്റെ ശക്തിയെയും ബലത്തെയും സമ്മതിക്കുന്നു (വാക്യങ്ങൾ. 20, 21). എഫെസ്യയിലെ ക്രിസ്ത്യാനികൾക്ക് ആത്മിയ ബലവും, സ്നേഹവും, ദൈവത്തോടുകുടെ വിവേകവും നിറഞ്ഞുവരേണമെന്നായിരുന്നു അപ്പൊസ്തലന്റെ പ്രാർത്ഥന. എന്തെങ്കിലും ദൈവത്തിൽനിന്നു ചോദിക്കുന്നതിനപ്പുറമുള്ളതാണ് പ്രാർത്ഥന. ജിമ്മി ലിവിഡെൻ പറഞ്ഞു, "പ്രാർത്ഥന ദൈവത്തോടുള്ള അനുതാപവുംഅപേക്ഷകളും, പുകഴ്ച്ചയും പ്രകടിപ്പിക്കുന്ന ആരാധനാപ്രവൃത്തിയാണ്."[11] അദ്ദേഹം വിവരിച്ചു,

> ദൈവത്തിനു പുകഴ്ച്ച കൊടുക്കുന്നതിൽ ശ്രദ്ധിക്കുന്നതും നമുക്കും മറ്റുള്ളവർക്കും അഭയയാചനകൾ അർപ്പിക്കുന്നതുമാണ്. നാം അതിശയകരമായി - നമ്മുടെ തലയിലെ മുടികൾ ഓരോന്നും എണ്ണുന്നവനും വീഴുന്ന ഓരോ ചെറു കിളിയെയും അറിയുന്നവനായ - ദൈവമുൻപാകെ നിന്ന് പ്രാർത്ഥിക്കുമ്പോൾ - അവൻ കേൾക്കുകയും മറുപടി നൽകുകയും ചെയ്യും.[12]

നാം ദൈവത്തോട് ചോദിക്കുന്ന ചില അനുഗ്രഹങ്ങൾ, അവന്റെ ശക്തി സമ്മതിക്കുന്നതായിരിക്കണം, കാരണം അത് അവന്റെ ശക്തി കൂടാതെ നമുക്ക് വഹിക്കുവാൻ സാധ്യമല്ല. യോശുവയുടെ പുസ്തകത്തിൽ നമ്മെ ചലിപ്പിക്കുന്ന ഒരു പ്രാർത്ഥനയുണ്ട്. യിസ്രായേലിന്റെ ശത്രുക്കളെ പൂർണ്ണമായി പരാജയപ്പെടുത്തുവോളം സൂര്യന്റെ പുരോഗതി നിർത്തണമെന്നായിരുന്നു യോശുവയുടെ പ്രാർത്ഥന. യോശുവയുടെ പ്രാർത്ഥന ദൈവം കേൾക്കുകയും ദൈവം അതിന് അനുകൂലമായി മറുപടി കൊടുക്കുകയും ചെയ്തു. വാക്യം പറയുന്നു, "യഹോവ ഒരു മനുഷ്യന്റെ വാക്ക് കേട്ടനുസരിച്ച ആ ദിവസം പോലെ ഒരു ദിവസം അതിനു മുൻപും പിമ്പും ഉണ്ടായിട്ടില്ല. യഹോവ തന്നെയായിരുന്നു യിസ്രായേലിനു വേണ്ടി യുദ്ധം ചെയ്തത്" (യോശുവ 10:14).

പ്രാർത്ഥനയിൽ നീതിമാന്മാർക്കു വേണ്ടി പ്രവർത്തിക്കുന്നതാണ് ദൈവശക്തി. പ്രാർത്ഥിക്കുന്നത് ആരാധനയാണ്; സർവ്വശക്തനോടുള്ള അപേക്ഷ സമ്മതിക്കുന്നത് അവന്റെ പരമോന്നത ശക്തിയെയാണ് തെളിയിക്കുന്നത്. "നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു കഴിഞ്ഞു എന്നും അറിയുന്നു" (1 യോഹന്നാൻ 5:14).

എല്ലാറ്റിനു വേണ്ടിയും പ്രാർത്ഥിപ്പിൻ എന്നാണ് നമ്മോട് നിർദ്ദേശിച്ചി

രിക്കുന്നത് (ഫിലിപ്പിയർ 4:6). ആവശ്യമുള്ള ഒരാൾക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നതോ ദൈവത്തിന് നന്ദി ചെലുത്തുന്നതോ ആകാം പ്രാർത്ഥന (1 തിമൊഥെയൊസ് 2:1, 2). ക്ഷമാപണത്തിനോ, രോഗിയുടെ ശാരീരികമോ ആത്മികമോ ആയ രോഗത്തിനോ, പ്രാർത്ഥിക്കാം (യാക്കൊബ് 5:13, 14, 16; 1 യോഹന്നാൻ 5:16). വാക്കുകളാൽ പ്രകടിപ്പിക്കുവാൻ സാധ്യമല്ലാത്ത വിധത്തിലുള്ള തീവ്രമായ അഭിലാഷം നമ്മിൽ ആഴമായുണ്ടാകുമ്പോൾ, അത് ദൈവത്തോട് ആശയവിനിമയം നടത്തുവാൻ നമ്മിലുള്ള പരിശുദ്ധാത്മാവ് നമ്മെ സഹായിക്കും.

> അവ്വണ്ണം തന്നേ ആത്മാവ് നമ്മുടെ ബലഹീനതകൾക്ക് തുണനിൽക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലൊ. ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവ് വിശുദ്ധന്മാർക്ക് ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു (റോമർ 8:26, 27).

## ഉപസംഹാരം

ദൈവം നമ്മുടെ ആരാധന ആഗ്രഹിക്കുന്നതുകൊണ്ടാണ് അവൻ നമുക്ക് അവന്റെ സന്നിധിയോട് അടുക്കുവാൻ പ്രാർത്ഥനയും സ്തുതിയും വെച്ചിരിക്കുന്നത്. ദൈവസന്നിധിയിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നത് തന്നെ നമ്മെ എളിമപ്പെടുത്തുന്ന ചിന്തയാണ്. നമ്മെ അനുവദിക്കുക മാത്രമല്ല, അവന്റെ കൃപാസനത്തിൽ ആരാധിക്കുവാനും നമ്മെ ക്ഷണിക്കുകയാണ്. നമുക്ക് സ്തുതിയും സ്തോത്രവും പ്രകടിപ്പിക്കുവാനുള്ള രണ്ട് വഴികളാണ് ദൈവം നൽകിയിട്ടുള്ള പ്രാർത്ഥനയും പാട്ടും. പാട്ടുകളും ചിലപ്പോൾ പ്രാർത്ഥനയിലാകാം. നമ്മുടെ പാട്ടുപുസ്തകങ്ങളിലെ പല പാട്ടുകളും പ്രാർത്ഥനാഗീതങ്ങളാണ്. പാട്ടായാലും പ്രാർത്ഥനയായാലും, അവ ആരാധനയുടെ പ്രാഥമികങ്ങളല്ല; മറിച്ച്, അവ ആരാധന തന്നെയായിട്ടാണ് ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്. ജെയിംസ് പി ജിൽസ് പറഞ്ഞത് പ്രാർത്ഥന ആരാധനയുടെ ഹൃദയമിടിപ്പാണ്.[13]

ഈ ആരാധനാ രീതി പരസ്യയോഗങ്ങളിൽ പ്രാർത്ഥനകളിലും പാട്ടുകളിലും മാത്രമായി ഒതുങ്ങരുത്. “ഇടവിടാതെ പ്രാർത്ഥിപ്പിൻ” എന്നാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത് (1 തെസലൊനിക്യർ 5:17). അതുപോലെ, നാം നമ്മുടെ ഹൃദയങ്ങളിലും ചുണ്ടുകളിലും ആത്മിയ ഗീതങ്ങളുമായാണ് നമ്മുടെ ജീവിതം നയിക്കേണ്ടത്. അത് നമ്മെ ദൈവത്തോട് കൂടുതൽ അടുക്കുവാനും സാത്താനെ നമ്മിൽനിന്ന് ഒരു പരിധിവരെ അകറ്റുവാനും കഴിയും. “പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ. ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രെ” (മത്തായി 26:41).

---

കുറിപ്പുകൾ

[1]റോബർട്ട് ഈ. വെബർ, *വർഷിപ് ഈസ് ഏ വെർബ്: എയിറ്റ് പ്രിൻസിപ്പിൾസ് ഫോർ ട്രാൻസ്ഫോമിങ് വർഷിപ്* (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ് 1999), 43. [2]ജാക്ക് ഹേഫോർഡ്, *വർഷിപ് ഹിസ് മജെസ്റ്റി* (ഡള്ളാസ്: വേർഡ്

പബ്ലിഷിങ്, 1987), 144. [3]ഇബിഡ്, 147. [4]ആബ്രേ ജോൺസൺ, *മൂസിക്: മാറ്റേഴ്സ് ഇൻ ദ ലോർഡ്സ് ചർച്ച്* (നാഷ്വിലേ: 20 ത് സെഞ്ചുറി ക്രിസ്ത്യൻ, 1995), 31. [5]എവറെറ്റ് ഫെർഗൂസൺ, *എ കാപ്പെല്ലെ മൂസിക് ഇൻ ദ പബ്ലിക് വർഷിപ് ഓഫ് ദ ചർച്ച്* (അബിലിൻ ടെക്സ്.: ബിബിളിക്കൽ റിസർച്ച് പ്രസ്, 1972), 88. [6]ഹേഫോർഡ്, 149. [7]ഇബിഡ്, 150. [8]ആന്റി ടി. റിച്ചി ജൂനിയർ., *ദൗ ഷാൽ വർഷിപ് ദ ലോർഡ് ദൈ ഗോഡ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1969), 114. [9]ഇബിഡ്, 113. [10]ഹോമർ ഹെയ്ലി, *പ്രെയർ ആന്റ് പ്രോവിഡൻസ്* (ലൂയിസ്‌വിലേ, കീ.: റിലിജിയസ് സപ്ലൈ, 1993), 18.

[11]ജിമ്മി ലിവിഡൻ, *മോർ ദാൻ എ ഫീലിങ്: വർഷിപ് ദാറ്റ് പ്ലീസസ് ഗോഡ്* (നാഷ്വിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1999), 51. [12]ഇബിഡ്. [13]ജെയിംസ് പി. ജിൽസ്, *എ ഹാർട്ട് എഫ്ലെയിം: ദ ഡയനമിക്സ് ഓഫ് വർഷിപ്* (ടാർപോൻ സ്പ്രിങ്സ്, ഫ്ളാ.: എൻ. ഡി.), 79.